LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ബഡ്ജറ്റ് പ്രതികൂലമായി ബാധിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

12 [5568] ശ്രീമതി മേഴ്സി രവി:
ശ്രീ. പി. ജെ. ജോയി:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളെ എപ്രകാരമാണ് ഈ വർഷത്തെ ബഡ്ജറ് നിർദ്ദേശം പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വസ്തുത കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ ഫലമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പൊതുമേഖലയിൽ വ്യവസായം അനുവദിക്കാൻ നടപടി

13 [5569] ശ്രീ. സി. കെ. നാണു:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വ്യവസായം പൊതുമേഖലയിൽ അനുവദിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രധാനമന്ത്രി ജിം-ൽ പങ്കെടുത്തപ്പോൾ പ്രഖ്യാപിച്ച ഏതെങ്കിലും വ്യവസായശാല പൊതുമേഖലയിൽ ആരംഭിക്കുമെന്ന് വ്യക്തമാക്കിയിരുന്നുവോ;

(ഡി) ഇവയിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?